ജി (1)46059/2004 സഹകരമണസംഘം രജിസ്ട്രാർ ആഫീസ്,

തിരുവനന്തപുരം, 19/5/2006.

സർക്കുലർ നമ്പർ 21/2006

വിഷയം: മുതലമട സ്നേഹം ചാരിറ്റബിൾ ട്രസ്റ്റ്, പാലക്കാട് സഹകരണസ്ഥാപനങ്ങളുടെ പൊതുനന്മഫണ്ടിൽ നിന്നും സംഭാവന നൽകുന്നതു

സൂചന: ട്രസ്റ്റ് ചെയർമാൻ ശ്രീ.പി.സുനിൽ ദാസിന്റെ 10-11-2001 ലെ അപേക്ഷ

പാലക്കാട് ജില്ലയിലെ അവികസിത പ്രദേശമായ മുതലമട പഞ്ചായത്തിലെ സാധുക്കളായ ജനവിഭാഗങ്ങൾക്ക് ആഹാരം, പാർപ്പിടം ആതുരസേവനം, വിദ്യാഭ്യാസ സൗകര്യങ്ങൾ എന്നിവ സൗജന്യമായി ലഭ്യമാക്കി പ്രവർത്തിക്കുന്ന ഒരു ധർമസ്ഥാപനമാണ് അവരുടെ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നതിന് സഹകരണ സ്ഥാപനങ്ങളിലെ പെതുനന്മ ഫണ്ടിൽ നിന്നും ഉദാരമായി സംഭാവന നൽകുന്നതിന് പാലക്കാട് ജില്ലയിലെ സഹകരണസ്ഥാപനങ്ങൾക്ക് ആവശ്യമായ നിർദേശങ്ങൾ നൽകണമെന്ന് സൂചന പ്രകാരം അപേക്ഷിച്ചിരിക്കുന്നു. അപേക്ഷ പരിഗണിച്ചും പ്രസ്തുത ട്രസ്റ്റ് സമൂഹത്തിന് സഹകരണസംഘങ്ങൾ നടത്തുന്ന വിവിധ സേവനങ്ങൾ തുടർന്ന് നൽകുന്നതിന് സഹായിക്കുന്നതിനായും കേരള സഹകരണസംഘങ്ങൾ തീയതിയിലെ വകുപ്പ് 56 (2) (ഡി) പ്രകാരം സ്വരൂപിച്ചിട്ടുള്ള പൊതുനന്മ ഫണ്ടിൽ നിന്നും മുതലമട സ്നേഹം ചാരിറ്റബിൾ ട്രസ്റ്റിന് സംഭവാന നൽകുന്നതിന് സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പാലക്കാട് ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി കൊണ്ട് ഉത്തരവാകുന്നു.

ഒപ്പ്

വി.രഘുനാഥ്

സഹകരണസംഘം രജിസ്ട്രാർ (ഇൻചാർജ്)

1. ചെയർമാൻ, മുതലമട സ്നേഹം ചാരിറ്റബിൾ ട്രസ്റ്റ്, പാലക്കാട് 678507.
2. ജോയിന്റ് രജിസ്ട്രാർ (ജനറൽ) പാലക്കാട്
3. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) (ആഡിറ്റ്) പാലക്കാട്, ഒറ്റപ്പാലം, ചിറ്റൂർ, ആലത്തൂർ, മണ്ണാർക്കാട്.
4. സ്റ്റോക്ക് ഫയൽ.

ആജ്ഞാനുസരണം

സഹകരണസംഘം രജിസ്ട്രാർക്കു വേണ്ടി